## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5235** **04-07-2024 - ൽ മറുപടിയ്ക്ക്**

## മാട്ടുമലയിൽ ഭവന സമുച്ചയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ മാട്ടുമലയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ളതും ആശ്രയ ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി 15 കൊല്ലങ്ങൾക്ക് മുൻപ് നിർമ്മാണം ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത സ്ഥലത്ത് പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 'ആശ്രയ' പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയിട്ടില്ല. എന്നാൽ തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ ചെങ്ങാലൂർ വില്ലേജിൽ പുതുക്കാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട സർവ്വേ നമ്പർ. 140/2-ൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രദേശത്ത് ബോർഡിന്റെ കൈവശമുള്ള 50.68 സെന്റ് സ്ഥലത്ത് 'സാഫല്യം ഭവന പദ്ധതി' നടപ്പിലാക്കുന്നതിന് 2012-ൽ സർക്കാർ അംഗീകാരം നൽകുകയും ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. പദ്ധതിയിൽ ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ മൂന്നു നിലകളിലായി 48 ഫ്ലാറ്റുകളാണ് ഉൾപ്പെടുത്തിയിരിരുന്നത്. എന്നാൽ ഫണ്ടിന്റെ ദൗർലഭ്യം മൂലം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ജനപ്രതിനിധികളുമായി ബോർഡ് ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | യാതൊരു വാണിജ്യ സ്ഥാപനവുമില്ലാത്ത പ്രസ്തുത സ്ഥലത്ത് മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിരഹിത -ഭവന രഹിതരായ ഗുണഭോക്താക്കൾക്കായി ത്രിതല പഞ്ചായത്തുകളുടെ സാമ്പത്തിക സഹായത്തോടെ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ മൂന്നു നിലകളിലായി 48 ഫ്ലാറ്റുകൾ നിർമ്മിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാകുന്നതിലൂടെ 48 ഗുണഭോക്തകൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. സാമ്പത്തിക സഹായം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാനും ആയതിലൂടെ ഭൂരഹിത-ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതുമാണ്. പുതുക്കാട് മണ്ഡലത്തിലെ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ലൈഫ് ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസലുകളൊന്നും നിലവിൽ ലൈഫ് മിഷന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ